കവിത

# ഞാനോ തീവ്രവാദി

● നദീറ ഇ. എ, കുവൈത്ത്

മൂടുപടത്താലെൻ മുഖം മറച്ചതോ
തീരാത്ത വേദന തിന്നു ജീവിച്ചതോ
തോഴന്റെ കുറ്റങ്ങൾ കേട്ടു സഹിച്ചതോ
കരുണയാം തേന്മഴക്കായി ഞാൻ കേണതോ-
ഏതാണിതിൽ തീവ്രവാദം?
ചെയ്യാത്ത തെറ്റിനു കൂട്ടിലടച്ചതും
ചെയ്തില്ല തെറ്റെന്നു ചൊല്ലാൻ മടിച്ചതും
പാതിയും തീർന്നൊരു ജീവൻ-
ജയിലറ പടവുകൾ മെല്ലെയിറങ്ങുമ്പോൾ,
ആരാണു തീവ്രവാദി?
സ്വർഗലാഭത്തിനായി വിറ്റതാണെൻ ജീവൻ
തളരില്ല ഞാനീ പരീക്ഷണത്തിൽ
മനഃസാക്ഷിയില്ലാത്ത നിങ്ങൾതൻ വാദത്തെ
എന്തുപേരിട്ടു വിളിക്കും-
ഇനിയും-ഞാനോ തീവ്രവാദി?

# അവസ്ഥ

●കെ. എഫ് സുഹറ വടക്കാങ്ങര, ജിദ്ദ



അവസ്ഥകൾ മാറിക്കൊണ്ടേയിരിക്കും
അവസ്ഥക്കുള്ള കാരണവും.
ദുരവസ്ഥയെങ്കിൽ വിധിയെന്നു പറയാം
സന്തോഷമെങ്കിൽ ഭാഗ്യമെന്നും
കോപമെങ്കിൽ പിശാചിനെ പറയാം
സൗമ്യമെങ്കിൽ ക്ഷമയെന്നും
കാമമെങ്കിൽ കോഴിയെ പറയാം
അലസമെങ്കിൽ ഹതഭാഗ്യയെന്നും
അഹങ്കാരമെങ്കിൽ ഫിർഔനെ പറയാം
വിനയമെങ്കിൽ അറിവെന്നും
മാറ്റങ്ങളെങ്കിൽ ലോകത്തെ പറയാം
അനശ്വരമെങ്കിൽ ദൈവമെന്നും
ആദ്യമെന്നതിനവസാനമെങ്കിൽ
ആദ്യന്ത്യമെന്നത് നമുക്കും പറയാം.